**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2388** **21-01-2021 - ൽ മറുപടിയ്ക്ക്**

**ചെറുപുഴ സബ്ബ് ട്രഷറിക്ക് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. കൃഷ്ണൻ | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ സബ്ബ് ട്രഷറിക്ക് പുതിയ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | ചെറുപുഴ സബ്ബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തളിപ്പറമ്പ് താലൂക്കിൽ വയക്കര വില്ലേജിൽ റീ സർവ്വെ നമ്പർ 59/1 ൽ പെട്ട 5 സെൻറ് സ്ഥലം സ്വകാര്യ വ്യക്തിയിൻ നിന്നും ലഭ്യമായിട്ടുണ്ട്. അവിടെ ട്രഷറിക്കാവശ്യമായ എല്ലാ സൗകര്യങ്ങളോട്ടും കൂടിയ ഒരു കെട്ടിടം നിർമ്മിക്കുന്നതിന് വകുപ്പിന് അനുവദിച്ചിട്ടുള്ള നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡിനെ ചുമതലപ്പെട്ടുത്തിയിട്ടുള്ളതുമാണ്. എന്നാൽ ട്രഷറിക്ക് അനുവദിച്ചിട്ടുള്ള സ്ഥലം വളരെ പരിമിതമാണെന്നും ഭൗമപരമായ പ്രത്യേകതകൾ കാരണം അവിടെ നാലു നിലകളായിട്ട് മാത്രമേ സാധ്യമാവുകയുള്ളൂ എന്നറിയിച്ചുകൊണ്ട് (രണ്ട് നിലകൾ പാർക്കിംഗിനായുള്ള ബേസ്മെന്റ് നിലകളാണ്) ആയതിലേക്ക് ഇൻകെൽ ലിമിറ്റഡ് Detailed Project Report തയ്യാറാക്കിയതുമാണ്. എന്നാൽ പ്രസ്തുത പ്ലാൻ അംഗീകാരത്തിനായി പഞ്ചായത്തിൽ സമർപ്പിച്ചപ്പോൾ ട്രഷറി നിർമ്മാണത്തിന് ലഭ്യമായിട്ടുള്ള സ്ഥലത്തിന്റെ അതിരുകൾ നിർണ്ണയിച്ചു കൊണ്ടുള്ള പുതുക്കിയ ലൊക്കേഷൻ സ്കെച്ച് ആവശ്യപ്പെട്ടുകയുണ്ടായി എന്നും വില്ലേജോഫീസർ സ്ഥലം പരിശോധിച്ചപ്പോൾ ട്രഷറിക്കനുവദിച്ച സ്ഥലം കുറച്ച് ഭാഗം പഞ്ചായത്ത് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ടെന്നും ആയതിനാൽ ഭരണാനുമതിക്കായി സമർപ്പിച്ചിരുന്ന Detailed Project Report തൽക്കാലം പരിഗണിക്കേണ്ടതില്ലെന്നും ഇൻകെൽ അറിയിക്കുകയുണ്ടായി. തുടർന്ന് ട്രഷറി വകുപ്പ് ഉദ്യോഗസ്ഥർ പഞ്ചായത്ത് അധികൃതരുമായി ചർച്ചകൾ നടത്തുകയും പഞ്ചായത്ത് പകരം സ്ഥലം വിട്ടു നൽകാം എന്നറിയിച്ചിട്ടുള്ളതുമാണ്. ആയത് അളന്ന് തിരിച്ച്, റവന്യൂ അധികാരികളിൽ നിന്നും |

| | | | |
|---|---|---|---|
| | | | ലൊക്കേഷൻ സ്കെച്ച് സഹിതം ലഭ്യമാകുന്ന മുറക്ക് പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനായി ട്രഷറി വകുപ്പ് ഇൻകെൽ ലിമിറ്റഡ് മുഖേന Detailed Project Report തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ് . |
| (ബി) | 2020-2021 സാമ്പത്തിക വർഷം തന്നെ ഭരണാനുമതി നൽകാൻ സാധിക്കുമോ? | (ബി) | ചെറുപുഴ സബ്ബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തളിപ്പറമ്പ് താലൂക്കിൽ വയക്കര വില്ലേജിൽ റീ സർവ്വെ നമ്പർ 59/1 ൽ പെട്ട 5 സെൻറ് സ്ഥലം സ്വകാര്യ വ്യക്തിയിൻ നിന്നും ലഭ്യമായിട്ടുണ്ട്. അവിടെ ട്രഷറിക്കാവശ്യമായ എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു കെട്ടിടം നിർമ്മിക്കുന്നതിന് വകുപ്പിന് അനുവദിച്ചിട്ടുള്ള നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. എന്നാൽ ട്രഷറിക്ക് അനുവദിച്ചിട്ടുള്ള സ്ഥലം വളരെ പരിമിതമാണെന്നും ഭൗമപരമായ പ്രത്യേകതകൾ കാരണം അവിടെ നാല്പ നിലകളായിട്ട് മാത്രമേ സാധ്യമാവുകയുള്ളൂ എന്നറിയിച്ചുകൊണ്ട് (രണ്ട് നിലകൾ പാർക്കിംഗിനായുള്ള ബേസ്മെന്റ് നിലകളാണ്) ആയതിലേക്ക് ഇൻകെൽ ലിമിറ്റഡ് Detailed Project Report തയ്യാറാക്കിയതുമാണ്. എന്നാൽ പ്രസ്തുത പ്ലാൻ അംഗീകാരത്തിനായി പഞ്ചായത്തിൽ സമർപ്പിച്ചപ്പോൾ ട്രഷറി നിർമ്മാണത്തിന് ലഭ്യമായിട്ടുള്ള സ്ഥലത്തിന്റെ അതിരുകൾ നിർണ്ണയിച്ചു കൊണ്ടുള്ള പുതുക്കിയ ലൊക്കേഷൻ സ്കെച്ച് ആവശ്യപ്പെടുകയുണ്ടായി എന്നും വില്ലേജോഫീസർ സ്ഥലം പരിശോധിച്ചപ്പോൾ ട്രഷറിക്കനുവദിച്ച സ്ഥലം കുറച്ച് ഭാഗം പഞ്ചായത്ത് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ടെന്നും ആയതിനാൽ ഭരണാനുമതിക്കായി സമർപ്പിച്ചിരുന്ന Detailed Project Report തൽക്കാലം പരിഗണിക്കേണ്ടതില്ലെന്നും ഇൻകെൽ അറിയിക്കുകയുണ്ടായി. തുടർന്ന് ട്രഷറി വകുപ്പ് ഉദ്യോഗസ്ഥർ പഞ്ചായത്ത് അധികൃതരുമായി ചർച്ചകൾ നടത്തുകയും പഞ്ചായത്ത് പകരം സ്ഥലം വിട്ടു നൽകാം എന്നറിയിച്ചിട്ടുള്ളതുമാണ്. ആയത് അളന്ന് തിരിച്ച്, റവന്യൂ അധികാരികളിൽ നിന്നും ലൊക്കേഷൻ സ്കെച്ച് സഹിതം ലഭ്യമാകുന്ന മുറക്ക് പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനായി ട്രഷറി വകുപ്പ് ഇൻകെൽ ലിമിറ്റഡ് മുഖേന Detailed Project Report തയ്യാറാക്കി സർക്കാരിലേക്ക് സമർപ്പിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ് . |

സെക്ഷൻ ഓഫീസർ